**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ-ജീവനക്കാര്യം- കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീ.ഡേവിഡ്.എം(ഹെഡ് ക്ലാർക്ക്, ഗ്രാമവികസന വകുപ്പ്)-ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1813/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 03/10/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം.580/2013/ധനം.

3 18.04.2017-ലെ സ.ഉ(സാധാ) നം.1208/2017/തസ്വഭവ

4 28.06.2018-ലെ സ.ഉ(സാധാ) 1770/2018/തസ്വഭവ

5 04.09.2019-ലെ സ.ഉ(സാധാ) 1917/2019/തസ്വഭവ

6 കുടുംബശ്രീ ഡയറക്ടറുടെ 23.07.2020-ലെ 4676/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഹെഡ് ക്ലാർക്കായ ശ്രീ.ഡേവിഡ്.എം-നെ പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), ( 5) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 01/05/2020-ന് അവസാനിച്ചതായും 02/05/2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (6)ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഡേവിഡ്.എം-ന്റെ തിരുവനന്തപുരം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 02/05/2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ഡേവിഡ്.എം(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ),കേരളം,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ &ആർ.എസ്.എ/ജി & എസ്.എസ്.എ) കേരളം,

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ